4596
5/3/18

കേരള സർക്കാർ

<u>സംഗ്രഹം</u>

കാസർഗോഡ് റെയിഞ്ചിലെ 1956 പരപ്പ (നജിബെട്ട) തേക്ക് തോട്ടം - അടക്കിമുറി സംബന്ധിച്ച പ്രവർത്തികൾ നടത്തുന്നതിന് ശ്രീ. ഇ.കെ ഇസ്മായിലിന് കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ബി) വകുപ്പ്

**സ.ഉ.(സാധാ) നം./103/2018/വനം** തീയതി, തിരുവനന്തപുരം, 01/03/2018

പരാമർശം:- അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ നോർത്ത്) കോഴിക്കോടിന്റെ 01.02.2018-ലെ ബി3-3622/17 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കാസർഗോഡ് ഡിവിഷനിൽ കാസർഗോഡ് റെയിഞ്ചിൽപ്പെട്ട 1956 പരപ്പ (നജിബൈട്ട)തേക്ക് തോട്ടം അടക്കിമുറി സംബന്ധിച്ച പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് ശ്രീ.ഇ.കെ.ഇസ്മായിൽ, മോയിൻ ഹൗസ്, പാടിക്കുന്ന്, നിലമ്പൂർ.പി.ഒ, മലപ്പുറം എന്നയാൾക്ക് ടെണ്ടർ വ്യവസ്ഥ പ്രകാരം അനുമതി നൽകി. ടി പ്രവൃത്തികൾ കരാർ വ്യവസ്ഥ പ്രകാരം 02.02.2017ന് തുടങ്ങി 02.05.2017 തീയതിക്കകം പൂർത്തിയാക്കേണ്ടതാണ്. കരാർ കാലാവധിക്കകം പ്രവർത്തി പൂർത്തിയാക്കാൻ സാധിക്കാതെ വന്നതിനാൽ കരാറുകാരന്റെ അപേക്ഷ പ്രകാരം കരാർ കാലാവധി ഒരുമാസത്തേക്കു കൂടി കാസർഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ തോട്ടത്തിന്റെ പ്രത്യേകതകളും പ്രതികൂല കാലാവസ്ഥയും കാരണം 02.06.2017 മുതൽ 01.08.2017 വരെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കാലാവധി ദീർഘിപ്പിച്ചു നൽകുകയുണ്ടായി. തേക്കുമരങ്ങളിൽ നിന്നും ശേഖരിച്ച എല്ലാ തടികളും മേൽ കാലയളവിലും ഡിപ്പോയിൽ എത്തിക്കുവാൻ സാധിച്ചില്ല എന്നും ആയതിനാൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് ടിപ്രവർത്തിയുടെ കാലാവധി സർക്കാർ തലത്തിൽ ഒരു മാസം കൂടി ദീർഘിപ്പിച്ചു നൽകണമെന്നും അഡി.പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ നോർത്ത്) പരാമർശിത കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. .

3) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ നോർത്ത്) കോഴിക്കോടിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ഡിവിഷനിൽ കാസർഗോഡ് റെയിഞ്ചിൽപ്പെട്ട 1956 പരപ്പ (നജിബൈട്ട) തേക്ക് തോട്ടം അടക്കിമുറി പ്രവൃത്തികൾ നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാൽ ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ച് ശ്രീ.ഇ.കെ.ഇസ്മായിൽ, മോയിൻ ഹൗസ്, പാടിക്കുന്ന്, നിലമ്പൂർ.പി.ഒ, മലപ്പുറം എന്ന ആൾക്ക് ടി പ്രവർത്തിയുടെ കാലാവധി ഉത്തരവ് തീയതി മുതൽ ഒരു മാസം കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ഡെപ്യൂട്ടി സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ നോർത്ത്) കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
✓ വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
V Beena
സെക്ഷൻ ഓഫീസർ